## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

1 പത്രൊസ് 2:25 ൽ 'നിങ്ങളുടെ ആത്മാക്കളുടെ ഇടയൻ' എന്നാണ് ഈ ഇടയനെപ്പററി പറയുന്നത്. യേശു വെറും ഇടയനല്ല, ആത്മാക്കളുടെ ഇടയനാണ്. മനുഷ്യന് ഏററവും ആവശ്യമായിരിക്കുന്നത്, അവന്റെ ആത്മാവിനെ നയിക്കുവാൻ പ്രാപ്തനായ ഇടയനാണ്. ദൈവത്തിങ്കലേക്ക് വഴി നടത്തപ്പെടേണ്ട മനുഷ്യന്റെ ആത്മാവ് ചിതറപ്പെട്ട നിലയിൽ, സമാധാനമില്ലാതെ എങ്ങും അലയുന്ന അവസ്ഥ സർവ്വസാധാരണമാണ്. സമാധാനവും സ്വസ്ഥതയും വിശ്രമവും വിടുതലും എവിടെ കണ്ടെത്താമെന്ന് അന്വേഷിച്ച് മനുഷ്യാത്മാവ് അലഞ്ഞുകൊണ്ടിരിക്കുകയാണ്. ലോകമെങ്ങും പുണ്യസ്ഥലങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും ചുററിതിരിയുന്ന ആത്മാവ് അതിന് അനുയോജ്യമായ ഒരു ഇടയനെ കാണാതെ പരിതാപത്തോടെ മടങ്ങുന്നു. എന്നാൽ ഇവിടെയിതാ, ഒരു ആത്മാക്കളുടെ ഇടയൻ നയിക്കുവാനും നടത്തുവാനും ആരുമില്ലാതെയും ആശ്വാസവും വിശ്രമവും എങ്ങും കണ്ടെത്താതെയും അവിടവിടെയായി അലഞ്ഞുഴലുന്ന ആത്മാവേ, ആത്മാക്കളുടെ ഇടയനായ യേശു നമ്മെ ഓരോരുത്തരെ ക്ഷണിക്കുന്നു. അവൻ നമ്മുടെ ആത്മാവിന്റെ ഇടയനായി തീരുവാൻ ആഗ്രഹിക്കുന്നു.

ഈ ആത്മാക്കളുടെ ഇടയിൽ നിന്നും നാം അന്യപ്പെട്ടിരിക്കുകയാണെങ്കിൽ അവങ്കലേക്ക് ഇപ്പോൾ തന്നെ മടങ്ങിവരുവാൻ ദൈവാത്മാവ് നമ്മെ ക്ഷണിക്കുന്നു. ആത്മാക്കളുടെ ഇടയനായി യേശുക്രിസ്തു ഒരുവനേയുള്ളു. വിശുദ്ധ വേദപുസ്തകം ഈ ഇടയനു നൽകിയിരിക്കുന്ന മൂന്നു വിശേഷണ നാമങ്ങൾ 'നല്ല ഇടയൻ' 'വലിയ ഇടയൻ' 'ശ്രേഷ്ഠ ഇടയൻ' എന്നിവയാണ്. ഇവ മൂന്നും കർത്താവിന്റെ ശ്രേഷ്ഠമായ ശുശ്രൂഷകളെ വ്യക്തമാക്കുന്നു. വിശുദ്ധ യോഹന്നാൻ 10:11-15 'ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു. ഞാൻ നല്ല ഇടയൻ, പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവ എന്നെ അറിയുകയും ചെയ്യുന്നു.

തുടരും....